## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 978** | **02-02-2026 - ൽ മറുപടിയ്ക്ക്**

## സാമൂഹ്യ വനവൽക്കരണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആഗോളതാപനത്തെ ചെറുക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ആഗോള താപനത്തെ ചെറുക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗവുമായി ബന്ധപ്പെട്ട് വനേതര പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**വിദ്യാവനം -** വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെറുവനങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുന്നതിനും വനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനും വേണ്ടി സ്കൂളുകൾ, കോളേജുകൾ എന്നിവയിൽ ലഭ്യമായ സ്ഥലങ്ങളിൽ വിദ്യാവനം സ്ഥാപിച്ച് നൽകുന്നുണ്ട്.<br><br>**നഗരവനം** – നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ചെറുവനങ്ങളുടെ മാതൃകയിലുള്ള നഗരവനം പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്** – പൊതു/സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ലഭ്യമായ ഭൂമിയിൽ പ്ലാന്റിംഗ് നടത്തിവരുന്നുണ്ട്.<br><br>**വഴിയോരത്തണൽ പദ്ധതി** – പാതയോരങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി.<br><br>**ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി** – സ്വകാര്യഭൂമിയിൽ ടിമ്പർ സ്പീഷീസ് ഉത്പാദിപ്പിക്കുന്നതിന്റെ ഭാഗമായി 10 ഇനം മരങ്ങൾ നട്ട് സംരക്ഷിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി.<br><br>**പരിഹാര വനവത്കരണം** –വികസനാവശ്യങ്ങൾക്ക് മരം മുറിക്കുന്ന അവസരങ്ങളിൽ യൂസർ ഏജൻസി |

മുറിക്കുന്ന മരങ്ങൾക്ക് പകരമായി പത്ത് മടങ്ങ് മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി.

.**നക്ഷത്രവനം**-27ജന്മ നക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി.

**തീരവനം** –തീര സംരക്ഷണത്തിനായി കടൽത്തീരങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് തീരവനം.കടൽക്ഷോഭത്തിന്റെ തീവ്രതയിൽ നിന്ന് തീരത്തെ സംരക്ഷിക്കുന്നതിന് ഈ പദ്ധതി സഹായകരമാണ്.

**സ്കൂൾ നഴ്സറി യോജന**–സ്കൂളുകളിൽ വൃക്ഷതൈകൾ ഉത്പാദിപ്പിച്ച് തൈകൾ സ്കൂൾ പരിസരത്തും,പൊതു/സ്വകാര്യ സ്ഥലങ്ങളിലും വിദ്യാർത്ഥികൾ തന്നെ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.പരിസ്ഥിതി സംരക്ഷണ പാഠങ്ങൾ സ്കൂൾതലത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് സ്വായത്തമാക്കുന്നതിനും,അഭിരുചി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**ട്രീ ബാങ്കിംഗ്**:കേരള സർക്കാർ,സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് 137/2025/വനം,തീയതി29.03.2025പ്രകാരം ട്രീ ബാങ്കിംഗ് പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുള്ളതാണ്.ആഗോള താപനത്തിന്റെയും,കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുക,വിപണിയിൽ തടി ലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണ് ട്രീ ബാങ്കിംഗ്.കൂടാതെ വനേതര പ്രദേശങ്ങളിൽ,പ്രത്യേകിച്ച് സ്വകാര്യ ഉടമസ്ഥതയിലുള്ള പ്രദേശങ്ങളിൽ വൃക്ഷവത്കരണ-പരിപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ച് കേരളത്തിന്റെ ഹരിതാഭ വർദ്ധിപ്പിക്കുവാനും കർഷകന് അതുമൂലം അധിക വരുമാനം ഉറപ്പുവരുത്തുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ളതാണ് ട്രീ ബാങ്കിംഗ് പദ്ധതി.

**കൽപ്പതരു പദ്ധതി**:സർക്കാർ ഉത്തരവ്GO (Rt.) No. 316/2025/വനം തീയതി05.08.2025പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതി, ലഭ്യമാകുന്ന സ്ഥലങ്ങളിൽ ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ളൈ ഗാർഡൻ, സ്കൂൾ/കോളേജുകളിൽ

| | | | |
|---|---|---|---|
| | | | ഔഷധ തോട്ടം,അർബൻ ഫോറസ്ട്രി&അവന്യൂ പ്ലാന്റിംഗ്,അഗ്രോ ഫോറസ്ട്രി, തീരദേശ പരിസ്ഥിതി പുനസ്ഥാപനം, പരിഹാര വനവത്കരണം, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ വിഭാവനം ചെയ്യുന്നു.<br><br>**ബട്ടർഫ്ളൈ പാർക്ക്:** ആവാസവ്യവസ്ഥയിൽ ചിത്രശലഭങ്ങൾ ഒരു സുപ്രധാന സ്ഥാനം വഹിക്കുന്നു.പ്രകൃതിയെ അടുത്തറിയുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള താല്പര്യം കുട്ടികളിൽ വളർത്തിയെടുക്കുന്ന ഉപാധിയാണ് ശലഭോദ്യാനം. ചിത്രശലഭ ഉദ്യാനങ്ങൾ/പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്കൂൾ പരിസരം/പൊതു സ്ഥലങ്ങൾ/സർക്കാരിന്റെ കൈവശമുള്ള സ്ഥലങ്ങൾ എന്നിവ തിരഞ്ഞെടുക്കാവുന്നതാണ്. കേരളത്തിൽ കാണപ്പെടുന്ന സാധാരണ ശലഭ ഇനങ്ങളുടെ വൈവിധ്യത്തെക്കുറിച്ചും, ജീവിതചക്രത്തെ കുറിച്ചും അറിയുവാനും, പഠിക്കുവാനും, ഇത് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും സഹായകമാകുന്ന പദ്ധതിയാണിത്.<br><br>**തൈ ഉത്പാദനവും വിതരണവും:** വനേതര പ്രദേശത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യവനവത്കരണ വിഭാഗം വിവിധ ഇനത്തിലുള്ള വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുകയും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,എൻ.ജി.ഒ-കൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ,രാഷ്ട്രീയ പാർട്ടികൾ,യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ,മതസ്ഥാപനങ്ങൾ മുതലായവർക്ക് വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിനായി ലോക പരിസ്ഥിതി ദിനാഘോഷം മുതൽ വനമഹോത്സവം വരെയുള്ള കാലയളവിൽ സൗജന്യനിരക്കിലും തുടർന്ന് നിശ്ചിത വില ഈടാക്കിയും വിതരണം ചെയ്തുവരുന്നു.കൂടാതെഹരിത കേരള മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 1കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന്റെ ഭാഗമായി 20.52ലക്ഷം തൈകൾ സാമൂഹ്യവനവത്കരണ വിഭാഗം ഉത്പാദിപ്പിച്ച് ഹരിത കേരള മിഷന് വിതരണം ചെയ്തുവരുന്നു.<br><br>**MISHTI പദ്ധതി:** കണ്ണൂർ ജില്ലയിലെ കണ്ടൽ സംരക്ഷണ,വ്യാപന പ്രവർത്തനങ്ങൾക്കായുള്ളപദ്ധതി.<br><br>**കാവുകൾക്കുള്ള ധനസഹായ പദ്ധതി:** കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നതിനുള്ള പദ്ധതി. |
| (ബി) | ഇതിന്റെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പരിപാടി സംഘടിപ്പിച്ചിരുന്നോയെന്നും തുടർന്നും എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | ആഗോള താപനത്തെ ചെറുക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനുമായി വിവിധ വനവത്കരണ പരിപാടികളായ വിദ്യാവനം, നഗരവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, പരിഹാര വനവത്കരണം, ട്രീ ബാങ്കിംഗ്, കണ്ണൂർ ജില്ലയിലെ കണ്ടൽ സംരക്ഷണ വ്യാപന പരിപാടി (MISHTI) തുടങ്ങിയവ നേരിട്ട് നടപ്പിലാക്കി വരുന്നു. ഭാവിയിലും ഇത്തരം പരിപാടികൾ തുടരുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഹരിത കേരള മിഷനുമായി സഹകരിച്ച വൃക്ഷാവരണം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 20 ലക്ഷം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തും വരുന്നു. കൂടാതെ ജൂൺ 5 പരിസ്ഥിതിദിനത്തോടനുബന്ധിച്ച 3.02 ലക്ഷം വൃക്ഷതൈകൾ സംസ്ഥാനത്തു ഉടനീളം വിതരണം ചെയ്തിട്ടുണ്ട്. മേൽ പരിപാടികൾ തുടർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിൽ നടത്തിയ വനവൽക്കരണ പരിപാടിക്കായി ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യ വനവത്കരണ വിഭാഗത്തിൻകീഴിൽ വിവിധ ഡിവിഷനുകളിലായി നടത്തിയ വനവത്കരണ പരിപാടിക്കായി ചെലവഴിച്ച തുക ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ജില്ല | വർഷം (ചെലവാക്കിയ തുക ലക്ഷത്തിൽ ) | | | | |
|---|---|---|---|---|---|
| | **2021-22** | **2022-23** | **2023-24** | **2024-25** | **2025-26** |
| തിരുവനന്തപുരം | 96.32 | 43.00 | 53.38 | 52.55 | 20.10 |
| കൊല്ലം | 47.19 | 40.60 | 21.56 | 23.59 | 4.73 |
| പത്തനംതിട്ട | 114.96 | 83.69 | 52.26 | 61.37 | 22.47 |
| ആലപ്പുഴ | 103.00 | 60.75 | 45.33 | 44.78 | 9.10 |
| കോട്ടയം | 35.12 | 39.35 | 38.45 | 36.10 | 50.82 |
| എറണാകുളം | 117.34 | 38.40 | 49.99 | 40.70 | 13.46 |
| ഇടുക്കി | 15.16 | 61.22 | 4.18 | 0.93 | 0.00 |
| തൃശ്ശൂർ | 4.35 | 79.31 | 41.36 | 16.98 | 18.21 |
| പാലക്കാട് | 31.61 | 22.55 | 24.42 | 6.44 | 0.00 |
| മലപ്പുറം | 15.75 | 10.50 | 10.71 | 4.20 | 0.00 |
| വയനാട് | 12.20 | 10.18 | 9.55 | 5.39 | 0.00 |
| കോഴിക്കോട് | 9.68 | 11.12 | 14.57 | 15.07 | 3.71 |
| കണ്ണൂർ | 35.25 | 9.92 | 8.96 | 56.78 | 0.00 |
| കാസർഗോഡ് | 10.52 | 10.61 | 7.12 | 8.30 | 2.17 |
| **ആകെ** | **648.45** | **521.20** | **381.84** | **373.18** | **144.77** |